Rs. 20/-

jaagrathayude Keraleeyam
2012 January

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/1/2012

# നാടിനു നല്ലത് നാടൻ

## നാടൻ വിത്ത് സംരക്ഷണ സന്ദേശ യാത്ര

### കാസർഗോഡ് – തൃശൂർ ● 2012 ഫെബ്രുവരി 6 മുതൽ 19 വരെ

**ജൈവവൈവിദ്ധ്യത്തിന്റെ** കലവറയായിരുന്നു ഇന്ത്യൻ കാർഷിക ആവാസവ്യവസ്ഥ. ഹരിത വിപ്ലവത്തിന് മുമ്പ് നാനാജാതികളിൽപ്പെട്ട വ്യത്യസ്തയിനം നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയാൽ സമ്പന്നമായിരുന്നു നമ്മുടെ നാട്. കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്ന വിവിധതരം മൃഗങ്ങളും പക്ഷികളും നമുക്കുണ്ടായിരുന്നു. ഓരോ പ്രദേശത്തിന്റെ മണ്ണിന്റെ ഘടനയ്ക്കും കാലാവസ്ഥയ്ക്കും ജലലഭ്യതയ്ക്കും അനുസരിച്ച് വർഷങ്ങളുടെ നീണ്ട തെരഞ്ഞെടുപ്പിലൂടെയാണ് കർഷകർ നാടൻ ഇനങ്ങൾ വികസിപ്പിച്ചെടുത്തിരുന്നത്. ഹരിതവിപ്ലവത്തിന്റെയും ധവളവിപ്ലവത്തിന്റെയുമൊക്കെ ഫലമായി അൽപ്പകാലം, അധികം വിളവ് തരുന്ന സങ്കരയിനം വിത്തുകളുടെയും കൂടുതൽ പാൽ തരുന്ന പശുക്കളുടെയുമൊക്കെ വരവോടെ ഇവയിൽ പലതും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. 1962 ലെ ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്ട് പ്രകാരം കേരളത്തിൽ വിത്തുകാളകളെ സംരക്ഷിക്കുന്നത് നിയമവിരുദ്ധമാണ്. ഗുണമേന്മയുള്ള പാലും ചാണകവും മൂത്രവും തരുന്ന നാടൻ പശുക്കളുടെ വൈവിദ്ധ്യമാണ് ഈ നിയമം തകർത്തത്.

സവിശേഷ സ്വഭാവമുള്ള പുതിയ വിത്ത് രൂപപ്പെടണമെങ്കിൽ പരമ്പരാഗത വിത്ത് വൈവിദ്ധ്യം സംരക്ഷിക്കപെടേണ്ടതുണ്ട്. സങ്കരയിനം വിത്തുകൾക്ക് കീട-രോഗപ്രതിരോധശേഷി കുറവായതിനാലും ഓരോ തവണ കൃഷിചെയ്യുമ്പോഴും കൂടുതൽ രാസവളങ്ങളും കീടനാശിനികളും പ്രയോഗിക്കേണ്ടിവരുന്നതിനാലും എത്രകാലം നിലനിൽക്കുമെന്ന് പറയാൻ പറ്റില്ല. 1966 ൽ ആദ്യമായ് ഇറങ്ങിയ സങ്കരയിനം ഐ.ആർ 8 നെൽവിത്ത് ബാക്ടീരിയൽ ബ്ലൈറ്റ്, തുൻഗ്രോ വൈറസ് തുടങ്ങിയ രോഗങ്ങളാൽ കർഷകർ ഉപേക്ഷിക്കുകയുണ്ടായി. ഈ ഒരു സാഹചര്യത്തിലാണ് വിത്തുകമ്പനികൾ രോഗ-കീടങ്ങളെ ചെറുക്കാൻ ശേഷിയുള്ളവയെന്നും വിളവും ഗുണവും കൂടിയതെന്നുമൊക്കെ പ്രചരിപ്പിച്ച് ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഇറക്കാൻ ശ്രമിക്കുന്നത്. ഇന്ന് അവശേഷിക്കുന്ന നാടൻ വിത്തിനങ്ങൾ ഇനി നാം സംരക്ഷിക്കുന്നില്ലായെങ്കിൽ ബഹുരാഷ്ട്രകുത്തക ഭീമൻമാർ ഇറക്കുന്ന ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഭാവിയിൽ നാം ഉപയോഗിക്കേണ്ടിവരും.നാടൻ വിത്തുകളുടെ പ്രാധാന്യവും പ്രത്യേകതകളും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു വാഹന പ്രചരണ യാത്ര വിവിധ പരിസ്ഥിതി, കർഷകർ, സന്നദ്ധ സംഘടനകൾ ചേർന്ന് നടത്താൻ തീരുമാനിച്ചതിന്റെ പശ്ചാത്തലമിതാണ്. ആദ്യഘട്ടത്തിൽ കേരളത്തിന്റെ വടക്കൻ ജില്ലകളിലൂടെയാണ് ഈ യാത്ര കടന്നുപോകുന്നത്. 2012 ഫെബ്രുവരി 6ന് കാസർഗോഡ് ജില്ലയിലെ ബേഡകത്തുനിന്നും ആരംഭിക്കുന്ന ഈ യാത്ര ഫെബ്രുവരി 19ന് തൃശ്ശൂർ നഗരത്തിൽ സമാപിക്കും. നാടൻ വിത്തുകൾ സംരക്ഷിക്കുന്നവരുടെ കൂട്ടായ്മ വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള രജിസ്ട്രേഷനും യാത്രയ്ക്കൊപ്പം നടക്കും.

*ബന്ധങ്ങൾക്ക്: കെ.പി ഇല്യാസ് (കോ-ഓഡിനേറ്റർ – നാടൻ വിത്തുസംരക്ഷണ കൂട്ടായ്മ), 9496149173*








**15** **സാമൂഹികനീതിക്കായുള്ള മാധ്യമപ്രവർത്തനം –ാം വർഷത്തിലേക്ക്...**








Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com